154. സംസ്ഥാനത്ത് ആകെയുള്ള 308 സബ് രജിസ്ട്രാർ ആഫീസുകളിൽ 178 എണ്ണം സർക്കാർ കെട്ടിടങ്ങളിലും 130 എണ്ണം വാടകകെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ഭരണാനുമതി നൽകിക്കഴിഞ്ഞ 17 ആഫീസ് കെട്ടിടങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 2005-06-ൽ 10 കെട്ടിടങ്ങൾ കൂടി നിർമ്മിക്കുന്നതാണ്. പുതിയ ആഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി 105 ലക്ഷം രൂപ ഞാൻ ബജറ്റിൽ നീക്കിവയ്ക്കുന്നു.

ശാസ്ത്ര സാങ്കേതിക വകുപ്പ്

155. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ് സംസ്ഥാനത്തെ വിവിധ ശാസ്ത്ര ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈദിശയിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വവും ഗതിവേഗവും നൽകുന്നത്. കൗൺസിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കുള്ള 7.07 കോടി രൂപയ്ക്ക് പുറമേ കൗൺസിലിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 30.50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

156. ജൈവ സാങ്കേതിക വിദ്യയുടെ പ്രാധാന്യം കണക്കിലെടുത്ത് കേരള സംസ്ഥാന ബയോ ടെക്നോളജി ബോർഡ്, കേരള സംസ്ഥാന ബയോ ടെക്നോളജി കമ്മീഷൻ എന്നിവയുടെ പ്രവർത്തന ചെലവിനായി 100 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസനം

157. കേരളത്തിലെ അഞ്ച് തെക്കൻ ജില്ലകളിലെ പട്ടികവർഗ്ഗ കുടികിടപ്പു മേഖലകളിൽ നീർത്തടാധിഷ്ഠിതമായി വികസനം നടത്തുന്നതിനുള്ള ഒരു പഠനം പട്ടികവർഗ്ഗ വികസന വകുപ്പ് സെന്റ് വഴി ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൈലറ്റ് പ്രോജക്റ്റ് എന്ന നിലയ്ക്ക് അഞ്ചു ജില്ലകളിലെ ഓരോ ഗ്രാമങ്ങളുടെ വികസന പദ്ധതി 2003 ആഗസ്റ്റിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ തോതിൽ ഭൂമി ലഭിക്കുന്നമുറയ്ക്ക് എല്ലാ പാർപ്പിട മേഖലകളിലേക്കും ഘട്ടം ഘട്ടമായി പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഒന്നാം ഘട്ടത്തിൽ 225 ലക്ഷം രൂപ ചെലവിൽ 45 കോളനികളിൽ രണ്ടു വർഷത്തിനുള്ളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

158. പട്ടികജാതിക്കാരുടെ സാമ്പത്തിക സാമൂഹ്യ വിദ്യാഭ്യാസ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പ് ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ സാങ്കേതിക സഹായത്തോടെ തീരെ ദരിദ്രരായ പട്ടികജാതി സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി പട്ടികജാതി പ്രൊമോട്ടർമാരുടെ സഹായത്തോടെ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും അതുവഴി ഇത്തരം സ്ത്രീകളെ ദൈന്യമായ ചുറ്റുപാടുകളിൽ നിന്നും സ്വയം പര്യാപ്തതയിലേക്ക് ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നു.

സാമൂഹ്യക്ഷേമം

159. ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്ന, പ്രത്യേകിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, കുടുംബത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിന് നിലവിലുള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. ഇവരുടെ വിദ്യാഭ്യാസത്തിനു വേണ്ടി പഞ്ചായത്തു തലത്തിൽ ഗ്രാമ പഞ്ചായത്തുകൾ മുൻകൈയ്യെടുത്ത് സ്വകാര്യ മേഖലയിൽ പ്രത്യേക സ്കൂളുകൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കാൻ തയ്യാറായി മുന്നോട്ടുവരുന്ന 40 ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതം സർക്കാർ നൽകുന്നതാണ്. ഇതിനു വേണ്ടി 2005-2006-ൽ 200 ലക്ഷം രൂപ ബജറ്റിൽ ഞാൻ വകയിരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly